# കേരള കാർഷിക സർവ്വകലാശാല
# കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ

സി.ആർ.എം (എസ്റ്റ)902/2026 തിയതി. 08/05/2026

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ എ.ഐ.സി. ആർ.പി ഗവേഷണ പദ്ധതിയിലേക്ക് ഏകദേശം അഞ്ഞൂറോളം മരങ്ങൾ അടിയന്തിരമായി **"യന്ത്രവൽകൃത പ്രൂണിംഗ് (mechanized pruning) ജോലികൾ"** കരാർ അടിസ്ഥാനത്തിൽ ചെയ്യുന്നതിന്, പ്രാവണ്യം നേടിയ/ പ്രവൃത്തിപരിചയം ഉള്ള തൊഴിലാളികളെ ലഭ്യമാക്കുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

**നിബന്ധനകൾ**

1. വുഡ് കട്ടർ (Wood cutter), പോൾ പ്രൂണർ (Pole pruner), ചെയിൻസോ (chainsaw) എന്നിവ ഉപയോഗിച്ചുള്ള യന്ത്രവൽകൃത പ്രൂണിംഗിൽ (കൊമ്പ് കോതൽ) പ്രാഗൽഭ്യം ഉള്ളവർ ആയിരിക്കണം
2. ശാസ്ത്രജ്ഞരുടെ ആവശ്യാനുസരണം യന്ത്രവൽകൃത പ്രൂണിംഗിൽ (കൊമ്പ് കോതൽ) പ്രാഗൽഭ്യം ഉള്ളവരെ നൽകുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്.
3. ശാസ്ത്രജ്ഞന്മാർ ആവശ്യപ്പെടുന്ന പ്രകാരം ഗവേഷണ പദ്ധതിക്കനുസരിച്ച് സമയബന്ധിതമായി ജോലികൾ ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥരായിരിക്കും.
4. ശാസ്ത്രജ്ഞൻമാർ ആവശ്യപ്പടുന്ന പ്രകാരം ജോലിക്ക് ഹാജരാകാതിരിക്കുകയും ഏൽപ്പിക്കുന്ന ജോലികൾ കൃത്യമായി ചെയ്യാതിരിയിക്കുകയും ചെയ്താൽ, വേതനം തടഞ്ഞുവയ്ക്കുകയും, ക്വട്ടേഷൻ റദ്ദാക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
5. **മേൽ പറഞ്ഞ ജോലികൾ ചെയ്യുന്നതിന് മരമൊന്നിന് ആവശ്യമായ നിരക്കാണ് കാണിക്കേണ്ടത്.**
6. ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് കാലാകാലങ്ങളിൽ അടക്കേണ്ട ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കുന്നതാണ്. ഇതിനു പുറമേ മറ്റേതെങ്കിലും നികുതികൾ അടക്കേണ്ടതുണ്ടെങ്കിൽ അത് കരാറുകാരൻ തന്നെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
7. തൊഴിലിന് ആവശ്യമായ വുഡ് കട്ടർ, ചെയിൻ സോ എന്നീ യന്ത്രങ്ങളും ഇന്ധനവും കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്.
8. പോൾ പ്രൂണർ ഈ ഗവേഷണ കേന്ദ്രത്തിൽ നിന്നും നൽകുന്നതായിരിക്കും.
9. പ്രത്യേക കാരണങ്ങളൊന്നും തന്നെ ചൂണ്ടികാണിക്കാതെ ക്വട്ടേഷനുകൾ നിരസിക്കുവാനും കരാർ റദ്ദാക്കുവാനുള്ള പൂർണ്ണ അധികാരം പ്രൊഫസ്സർ & ഹെഡിൽ നിക്ഷിപ്തമാണ്.
10. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും, ഈ ക്വട്ടേഷനും ബാധകമാണ്.
11. സീസൺ അനുസരിച്ച് ഗവേഷണപദ്ധതിയുടെ അടിയന്തിര സ്വഭാവം കണക്കാക്കി ക്വട്ടേഷൻ സ്വീകരിച്ച് ജോലികൾ തീർത്തുതരേണ്ടതാണ്.
12. ഈ ക്വട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നതിന്റെ പേരിൽ സർവ്വകലാശാലയിലെ യാതൊരുവിധ നിയമനത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.
13. മേൽ പറഞ്ഞ ജോലികൾ ചെയ്യുവാൻ നിയോഗിക്കപ്പെടുന്നവർ 8.00 മണി മുതൽ 5.00മണി വരെയുള്ള സമയങ്ങളിൽ മാത്രമേ പ്രൂണിങ്ങ് പ്രവർത്തികൾ നടത്താൻ പാടുള്ളൂ.
14. കാർഷിക സർവ്വകലാശാലയുടെ അന്തസിന് നിരക്കാത്ത പ്രവൃത്തികൾ കരാർ തൊഴിലാളികളിൽ നിന്ന് ഉണ്ടായാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.

മുദ്രവെച്ച ക്വട്ടേഷനുകൾ **16/05/2026** തിയ്യതി രാവിലെ 11.00 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് **"യന്ത്രവൽകൃത പ്രൂണിംഗ് (mechanized pruning) ജോലികൾ"** രേഖപ്പെടുത്തണം. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി **200/-** രൂപ ഓഫീസിൽ അടക്കേണ്ടതാണ്. ക്വട്ടേഷനുകൾ രാവിലെ **11.30** മണിക്ക് തന്നെ തത്സമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. മേൽ പറഞ്ഞിരിക്കുന്ന ജോലികൾക്ക് ക്വട്ടേഷൻ ലഭിച്ചു കഴിഞ്ഞാൽ **1000/-** രൂപ സെക്യൂരിറ്റി നിക്ഷേപമായി അടച്ച്, അനുവദിച്ചിട്ടുള്ള ജോലി കരാർ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്ന് 200/- രൂപയുടെ മുദ്ര പത്രത്തിൽ എഴുതിയ സമ്മതപത്രത്തോടൊപ്പം 22/05/2026 നകം നൽകേണ്ടതാണ്. സെക്യൂരിറ്റി തുക അടക്കുകയും സമ്മത പത്രം സമർപ്പിക്കുകയും ചെയ്താൽ മാത്രമേ കരാർ പണികൾ തുടങ്ങാൻ അനുവദിക്കുകയുള്ളൂ. ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഈ ഓഫീസുമായി നേരിൽ ബന്ധപ്പെടുക.

ഗവേഷണകേന്ദ്രം മേധാവി

Associate Professor & Head
Cashew Research Station
Kerala Agricultural University
Madakkathara P.O., Thrissur - 680 651

പകർപ്പ് -നോട്ടീസ് ബോർഡ്

1. നോട്ടീസ് ബോർഡ്
2. ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര
3. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി
4. ഗ്രാമ പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
5. കൃഷി ഭവൻ, ഒല്ലൂക്കര
6. വില്ലേജ് ഓഫീസ്, വെള്ളാനിക്കര & മാടക്കത്തറ
7. കെ.എ.യു വെബ്സൈറ്റ്

CASHEW RESEARCH STATION
MADAKKATHARA
PIN-680 651
KERALA AGRICULTURAL UNIVERSITY